# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത നിയമസഭ ചോദ്യം നം.546 10/03/15-ലെ മറുപടിക്ക്

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.എം. ഹംസ** | **ശ്രീ. കെ.എം.മാണി**<br>ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി |

## കേന്ദ്രനികുതിയിൽ സംസ്ഥാനങ്ങൾക്കുള്ള വിഹിതം

| ചോദ്യം | മറുപടി |
|---|---|
| (എ)<br>കേന്ദ്രനികുതിയിൽ സംസ്ഥാനങ്ങൾക്കുള്ള വിഹിതം 32% ത്തിൽ നിന്ന് 42% ആക്കുമ്പോൾ കേരളത്തിന് ലഭിക്കുന്ന വരുമാന വർദ്ധനവ് എത്രയെന്ന് വ്യക്തമാക്കാമോ; | കേന്ദ്രനികുതിയിൽ സംസ്ഥാനങ്ങൾക്കുള്ള വിഹിതം നിലവിലെ 32% ത്തിൽ നിന്നും 42% ആയി വർദ്ധിപ്പിക്കുമ്പോൾ 4149.26 കോടി രൂപയുടെ വർദ്ധനവ് 2015-16 വർഷം സംസ്ഥാനത്തിന് ഉണ്ടാകുമെന്ന് കണക്കാക്കുന്നു. |
| (ബി)<br>2014-15 സാമ്പത്തിക വർഷം കേന്ദ്രത്തിൽ നിന്നും നികുതിയിനത്തിൽ വിഹിതമായി എത്ര തുക ലഭിച്ചു; | 2014-15 സാമ്പത്തിക വർഷം നികുതി വിഹിത ഇനത്തിൽ (2/03/2015 വരെ) 7328.24 കോടി രൂപ സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. |
| (സി)<br>വരുന്ന സാമ്പത്തിക വർഷം (2015-16) എത്ര തുക ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്; | പതിനാലാം ധനകാര്യ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ 2015-16 സാമ്പത്തിക വർഷം കേന്ദ്ര നികുതി വിഹിതമായി 13121.77 കോടി രൂപ സംസ്ഥാനത്തിന് ലഭിക്കുമെന്ന് കണക്കാക്കുന്നു. |
| (ഡി)<br>കേരളത്തിന്റെ ധനക്കമ്മി എത്രയാണ്; ധനക്കമ്മി പരിഹരിക്കുവാൻ കേന്ദ്രസഹായം പ്രതീക്ഷിക്കുന്നുണ്ടോ; എങ്കിൽ എന്ത് സഹായമാണ് പ്രതീക്ഷിക്കുന്നത്; | കേരളത്തിന്റെ ധന കമ്മി 2014-15 ലെ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം ജി. എസ്. ഡി. പി യുടെ 3.10% ആണ്. ധന കമ്മി പരിഹരിക്കുന്നതിന് കേന്ദ്ര വായ്പയിൽ തിരിച്ചടക്കാൻ ബാക്കിയുള്ള മുഴുവൻ തുകയും എഴുതി തള്ളുന്നതിന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ഇ)<br>കേരളത്തിന്റെ ധനക്കമ്മി ഏത് വർഷം പരിഹരിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് എന്ന് വ്യക്തമാക്കാമോ ? | സംസ്ഥാനത്തിന്റെ ധന കമ്മി പതിനാലാം ധനകാര്യ കമ്മീഷൻ 2015-20 കാലയളവിൽ ജി.എസ്.ഡി.പി യുടെ 3% ആയി നിഷ്കർഷിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ